ആർ.സി.എസ്/5090/2019/MT-1 സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി :09.01.2020

## സർക്കുലർ നമ്പർ: 1/2020

വിഷയം:- സഹകരണ വകുപ്പ് - വടകര സഹകരണ ആശുപത്രി - പ്രവർത്തന മൂലധനം - സംഘത്തിന്റെ പ്രവർത്തന പരിധിയിലുള്ള പ്രാഥമിക സംഘങ്ങളിൽ/ ബാങ്കുകളിൽ നിന്നും ഓഹരി സമാഹരിക്കുന്നത് അനുമതി -സംബന്ധിച്ച്.

സൂചന:- 1. സംഘം ഭരണസമിതിയുടെ 06.08.2018 - ലെ 1-ാം നമ്പർ തീരുമാനം.
2. കോഴിക്കോട് ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാരുടെ 16.08.2019, 19.12.2019 -കളിലെ എസ്.റ്റി/5252/2018 നമ്പർ കത്തുകൾ.

വടകര സഹകരണ ആശുപത്രി ക്ലിപ്തം നമ്പർ.ഡി.2411 -ന്റെ പ്രവർത്തന മൂലധനത്തിലേക്ക് ഫണ്ട് സമാഹാരിക്കുന്നതിനായി വടകര സഹകരണ ആശുപത്രിയുടെ പ്രവർത്തന പരിധിയിൽപ്പെട്ട കോഴിക്കോട് ജില്ലയിലെ പ്രാഥമിക സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും ഓഹരി സമാഹരിക്കുന്നതിന് അനുവാദത്തിനായി സംഘം ഭരണസമിതി സൂചന (1) പ്രകാരം തീരുമാനമെടുത്തു സൂചന (2) പ്രകാരം ജോയിന്റ് രജിസ്ട്രാർ (ജനറൽ) വഴി അപേക്ഷിച്ചിരിക്കുന്നു. ടി സംഘത്തിന്റെ നിയമാവലി പ്രകാരം പ്രൈമറി സഹകരണ സംഘങ്ങൾക്ക് 'ബി' ക്ലാസ്സ് ഓഹരികൾ എടുക്കുന്നതിന് വ്യവസ്ഥയുണ്ട്.

1969-ലെ കേരള സഹകരണ നിയമം വകുപ്പ് 57(സി) പ്രകാരം സഹകരണ സംഘം രജിസ്ട്രാറുടെ സാമാന്യമായോ പ്രത്യേകമായോ ഉള്ള നിർദ്ദേശ പ്രകാരം മറ്റേതെങ്കിലും സംഘത്തിന്റെ ഓഹരികളിലോ സെക്യൂരിറ്റികളിലോ നിക്ഷേപിക്കാവുന്നതാണെന്നു വ്യവസ്ഥ ചെയ്യുന്നു. സംഘം ഭരണസമിതിയുടെ തീരുമാനം കോഴിക്കോട് ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാർ ശുപാർശ ചെയ്തിട്ടുണ്ട്.

സൂചന (1) തീരുമാനത്തിന്റെയും സൂചന (2) ശുപാർശയുടെയും അടിസ്ഥാനത്തിൽ വടകര സഹകരണ ആശുപത്രി ക്ലിപ്തം നമ്പർ.ഡി.2411 -ന്റെ പ്രവർത്തന മൂലധനത്തിലേക്ക് ഫണ്ട് സമാഹാരിക്കുന്നതിലേക്കായി വടകര സഹകരണ ആശുപത്രിയുടെ പ്രവർത്തന പരിധിയിൽപ്പെട്ട കോഴിക്കോട് ജില്ലയിലെ പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ എന്നിവയ്ക്ക് ടി സംഘത്തിലെ 'ബി' ക്ലാസ്സ് ഓഹരി എടുക്കുന്നതിന് അതാത് സംഘങ്ങളുടെ നിയമാവലി വ്യവസ്ഥകളുടെയും ഭരണസമിതി തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ അനുമതി നൽകുന്നു.

ഒപ്പ്
ഡോ.പി.കെ.ജയശ്രീ,ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

സെക്രട്ടറി,
വടകര സഹകരണ ആശുപത്രി ക്ലിപ്തം നമ്പർ.ഡി.2411.
വടകര, കോഴിക്കോട് -673101

പകർപ്പ്:- 1. ജോയിന്റ് രജിസ്ട്രാർ (ജനറൽ) കോഴിക്കോട്.
2.ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) കോഴിക്കോട്.
3.കരുതൽ ഫയൽ
4.അധികം
5.ഐ.റ്റി സെക്ഷൻ
6.സഹകരണ വീഥി

ആജ്ഞാനുസരണം.

അസിസ്റ്റന്റ് രജിസ്ട്രാർ(എം.റ്റി.)